## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4590** **23.07.2015-ൽ മറുപടിയ്ക്ക്**

## ബോണ്ടുകളും എഗ്രിമെന്റുകളും വയ്ക്കുന്നതിനുള്ള ഫീസ്

ചോദ്യം

ശ്രീ. പി. തിലോത്തമൻ :

(എ) വിദ്യുച്ഛക്തി വകുപ്പിൽ വിവിധ ആവശ്യങ്ങൾക്കായി ബോണ്ടുകളും എഗ്രിമെന്റുകളും വയ്ക്കുന്നതിനുള്ള ഫീസ് വർദ്ധിപ്പിച്ചതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ബുദ്ധിമുട്ടുകളിൽ നിന്നും ജനങ്ങളെ സഹായിക്കുവാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയാമോ ;

(സി) ഇത്തരം എഗ്രിമെന്റുകൾക്ക് ഒരു മിനിമം ഫീസ് മാത്രം ഈടാക്കി ഒരു നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയാൽ ജനങ്ങൾക്ക് സഹായകരമാകുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ; അതിന് സാധ്യമെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) (ബി) & (സി) കേരള ഫിനാൻസ് ബിൽ 2015-ൽ ' കേരള സ്റ്റാമ്പ് ആക്റ്റ് 1959 ' -ന് നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതിയനുസരിച്ച് 500 രൂപ വിലയുള്ള മുദ്രപത്രത്തിലാണ് 01-04-2015 മുതൽ എഗ്രിമെന്റുകൾ വയ്ക്കേണ്ടത്.

സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് ആവശ്യമില്ലാത്ത പെറ്റി കോൺട്രാക്ട് പ്രവൃത്തികളുടെ ചെലവിന്റെ പരിധി 5,000 രൂപയിൽ നിന്നും 10,000 രൂപ ആയി വർദ്ധിപ്പിച്ചു കൊണ്ട് 06-09-2011-ന് ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ വകുപ്പുകൾ അനുസരിച്ചാണ് കെ. എസ്. ഇ. ബി. എൽ സർവ്വീസ് കണക്ഷൻ നടപടികൾ സ്വീകരിക്കുന്നത്.

**സെക്ഷൻ ഓഫീസർ.**